# ഹിന്ദുക്ഷേത്രങ്ങൾ ഹിന്ദുക്കൾക്കു മാത്രമുള്ള ആരാധനാലയങ്ങളായിത്തന്നെ നിലനില്ക്കട്ടെ

ഹൈന്ദവക്ഷേത്രങ്ങളിൽ അഹിന്ദുക്കൾക്ക് പ്രവേശനത്തിനുള്ള അനുമതി നല്കണമെന്ന വാദം ഉയർന്നുവരുന്നുണ്ട്. എന്തിനുവേണ്ടിയാണ് അങ്ങനെ ഒരു ആവശ്യം ഉന്നയിക്കുന്നത് എന്നു മനസിലാകുന്നില്ല.

ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വിഗ്രഹത്തെ അഹിന്ദുക്കൾ ഈശ്വരനെന്ന വിശ്വാസത്തോടെ ആരാധിക്കാനിടയില്ല. അവരെ സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങളിലുള്ള വിഗ്രഹം വെറും ശിലയോ ദാരുവോ മാത്രമാണ്. ഹിന്ദുവിന് ക്ഷേത്രവിഗ്രഹം വെറും ശിലയല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിലയകാരണക്കാരായ ദേവീദേവന്മാരുടെ പ്രതീകങ്ങളാണ്. വെറും ശിലയിലോ ദാരുവിലോ ഉണ്ടാക്കുന്ന വിഗ്രഹങ്ങൾ താന്ത്രികവിധിയനുസരിച്ചു പ്രതിഷ്ഠിക്കപ്പെടുമ്പോൾ ഭക്തരുടെ ആരാധ്യദേവതകളായി മാറുന്നു. അവരുടെ രക്ഷയ്ക്കും സങ്കടപരിഹാരത്തിനുമുള്ള മൂർത്തികളാണ് ആ വിഗ്രഹങ്ങൾ.

ശരീരശുദ്ധിയും മനഃശുദ്ധിയും ക്ഷേത്രാരാധനയ്ക്ക് ആവശ്യമാണ്. പല തരത്തിലുള്ള വിശിഷ്ടാചാരങ്ങൾകൊണ്ടു ബദ്ധമാണ് ക്ഷേത്രവും പ്രതിഷ്ഠയും പ്രവേശനവും. അഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും വിഗ്രഹാരാധനയിലും വ്രതാനുഷ്ഠാനങ്ങളിലും വിശ്വാസമുണ്ടാവണമെന്നില്ല.

ഇതരമതസ്ഥരുടെ ദേവാലയങ്ങളിൽ, അവർ പരമപവിത്രമായി കരുതുന്നിടത്ത്, മറ്റു മതക്കാർക്ക് പ്രവേശനമില്ല എന്നത് ഒരു വസ്തുതയാണ്. അതിനെ ഒരിക്കലും തെറ്റായി കാണാനാവില്ല. ഹിന്ദുക്ഷേത്രങ്ങൾ ഹിന്ദുക്കൾക്കു മാത്രമുള്ള ആരാധനാകേന്ദ്രങ്ങളായിത്തന്നെ നിലനില്ക്കട്ടെ.

ശബരിമല അതിൽനിന്നെല്ലാം വ്യത്യസ്തമാണ്. അവിടെ എല്ലാ മതസ്ഥർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. 41 ദിവസം വ്രതം അനുഷ്ഠിക്കുന്ന ഭക്തർ മാത്രമേ ശബരിമലദർശനത്തിന് എത്തുകയുള്ളൂ എന്ന ആചാരവും വിശ്വാസവുമാണ്, അവിടെ ആർക്കും ദർശനം നടത്താനുള്ള സാഹചര്യം ഉളവാക്കുന്നത്.

പുരോഗമനവാദത്തിന്റെ പേരിൽ ഇങ്ങനെ ഒരു വിവാദം കൊണ്ടുവന്നതിന്റെ പിന്നിൽ ചിലർക്ക് ചില നിഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. മറ്റു മതനേതൃത്വങ്ങൾക്കോ വിശ്വാസികൾക്കോ താൽപര്യമുണ്ടാവാൻ ഇടയില്ലാത്ത ഈ വിഷയത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് മതേതരത്വത്തിന്റെ മൂടുപടമണിഞ്ഞ ചിലരാണ് എന്ന കാര്യത്തിൽ സംശയമില്ല. ഏതെങ്കിലും മതവിഭാഗങ്ങളോ അവയുടെ നേതൃത്വങ്ങളോ ഇത്തരത്തിലുള്ള നീക്കങ്ങളെ യാതൊരു കാരണവശാലും പ്രോത്സാഹിപ്പിക്കാനിടയില്ല.

എല്ലാ മതവിഭാഗങ്ങളും ആഗ്രഹിക്കുന്നത് അവരവരുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റാരുടെയും ഇടപെടൽ കൂടാതെ സംരക്ഷിക്കപ്പെടണം എന്നതാണ്. അതുതന്നെയാണ് എൻ.എസ്.എസ്സും ആഗ്രഹിക്കുന്നത്.

മതേതരത്വം സംരക്ഷിക്കപ്പെടേണ്ടത് ഒരു പ്രത്യേക മതത്തിന്റെ വിശ്വാസപ്രമാണങ്ങളിലുള്ള കടന്നുകയറ്റത്തിലൂടെയാവരുത്. മതങ്ങൾ തമ്മിലുള്ള പരസ്പരധാരണയിലൂടെയാവണം മതേതരത്വത്തിന്റെ വിജയം കാണേണ്ടത്.